# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 16.11.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **Prime Minister Narendra Modi's visit to Nigeria, Brazil and Guyana will begin today.**

2. ഉത്തർപ്രദേശിൽ ഝാൻസി മെഡിക്കൽ കോളേജിലെ തീപിടിത്തത്തിൽ 10 നവജാത ശിശുക്കൾ മരിച്ചു. മരണമടഞ്ഞ കുഞ്ഞുങ്ങളുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിച്ചു.

   **In Uttar Pradesh, ten infants died after a massive fire broke out at the Neonatal Intensive Care Unit of Maharani Laxmi Bai Medical College in Jhans .Prime Minister Narendra Modi has announced an ex-gratia of two lakh rupees from Prime Minister’s National Relief fund for the next of kin of each deceased.**

3. **CAG** യുടെ പ്രവർത്തനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടതാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

   **Lok Sabha Speaker Om Birla said that the work of Comptroller and Auditor General of India (CAG) is recognised globally.**

4. ഝാർഖണ്ഡ് , മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം ; കേരളത്തിൽ പാലക്കാട് ഉപതിരഞ്ഞെടുപ്പ് പ്രചാരണം സജീവമാക്കി മുന്നണികൾ.

   **Jharkhand, Maharashtra election campaign in full swing; Political parties have intensified their campaign for the Palakkad by-election in Kerala.**

5. 'പത്രമാധ്യമ സ്വഭാവത്തിലെ മാറ്റം' എന്ന പ്രമേയത്തിലൂന്നി ഇന്ന് ദേശീയ പത്ര ദിനം.

**National Press Day is being celebrated today with the theme 'Changing the Nature of the Press'.**

&&&&&&&&&&&&&&&&

## HEADLINE – 1
## REV PM-THREE-NATION VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. നൈജീരിയ, ബ്രസീൽ, ഗയാന എന്നിവിടങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുക. ആദ്യഘട്ടത്തിൽ, നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി നൈജീരിയയിലേക്ക് പോകും. 17 വർഷത്തിന് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ ജി 20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ബ്രസീലിലെ റിയോ ഡി ജനീറോയിൽ എത്തും. ചൊവ്വാഴ്ച ഗയാന സന്ദർശിക്കുന്ന പ്രധാനമന്ത്രി വ്യാഴാഴ്ച ഇന്ത്യയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&

## HEADLINE – 2
## REV. PM-UP FIRE

ഉത്തർപ്രദേശിലെ ഝാൻസി മെഡിക്കൽ കോളേജിലെ തീപിടിത്തത്തിൽ മരണമടഞ്ഞ കുഞ്ഞുങ്ങളുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരം പ്രഖ്യാപിച്ചു. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായതെല്ലാം

തദ്ദേശ ഭരണകൂടം ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞു. മെഡിക്കൽ കോളേജിലെ NICU-വിൽ ഉണ്ടായ തീപിടുത്തത്തിൽ 10-ഓളം നവജാത ശിശുക്കളാണ് കൊല്ലപ്പെട്ടത്. NICU-വിൽ ഉണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് ജില്ലാ മജിസ്ട്രേറ്റ് അവിനാഷ് കുമാർ വ്യക്തമാക്കി. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&

## PM HINDUSTHANA TIMES - INTRO

രാജ്യത്തെ യുവാക്കളും സ്ത്രീ സ്വയം സഹായ സംഘങ്ങളും മാറ്റത്തിൻറെ പുത്തൻ അധ്യായം കുറിയ്ക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാ ഗ്രാമങ്ങളിലും സംരംഭകത്വം ആരംഭിച്ച് 10 ലക്ഷം ലഖ്പതി ദീദികൾ മാതൃകയായയതായും പ്രധാനമന്ത്രി പറഞ്ഞു. ഹിന്ദുസ്ഥാൻ ടൈംസിൻറെ നൂറാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&

## CLIMATE CHANGE - COP 29 SUMMIT AT BAKU

കാലാവസ്ഥാ വ്യതിയാനം കണക്കിലെടുത്ത്, വികസിത രാജ്യങ്ങൾ 2030 വരെ ഓരോ വർഷവും കുറഞ്ഞത് 1.3 ട്രില്യൺ ഡോളർ സമാഹരിക്കാൻ പ്രതിജ്ഞാബദ്ധരാകണമെന്ന് COP29 കാലാവസ്ഥാ ഉച്ചകോടിയിൽ ഇന്ത്യ ആവശ്യപ്പെട്ടു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളുടെ രൂപത്തിൽ കൂടുതൽ പ്രകടമാകുന്നതായും

അസർബൈജാനിലെ ബാക്കുവിൽ നടന്ന ഉച്ചകോടിയിൽ ഇന്ത്യ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&

## HEADLINE – 3
## BIRLA - AUDIT DIVAS

കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, CAG സുതാര്യമായാണ് പ്രവർത്തിക്കുന്നതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. CAG യുടെ പ്രവർത്തനം ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടതാണെന്നും ന്യൂഡൽഹിയിൽ നാലാമത് ഓഡിറ്റ് ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യവെ സ്പീക്കർ പറഞ്ഞു. CAG ആരംഭിച്ചതിൻറെയും ഇന്ത്യയുടെ സദ്ഭരണത്തിന് CAG വഹിക്കുന്ന പങ്കിൻറെയും ഓർമ്മപ്പെടുത്തലായാണ് എല്ലാവർഷവും നവംബർ 16 ഓഡിറ്റ് ദിവസായി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&

## HEADLINE – 5
## NATIONAL PRESS DAY

ഇന്ന് ദേശീയ പത്ര ദിനം. 'പത്രമാധ്യമ സ്വഭാവത്തിലെ മാറ്റം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ന്യൂ ഡൽഹിയിലെ ദേശീയ മാധ്യമകേന്ദ്രത്തിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ എന്നിവർ പങ്കെടുക്കും. സത്യവും ഉത്തരവാദിത്തവും ഉയർത്തി പിടിക്കുന്ന നിർഭയരായ മാധ്യമപ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നതായി കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## MERA BOOTH SABSE MAZBOOT

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള മേരാ ബൂത്ത് സബ്സേ മസ്ബൂത്ത് പരിപാടി ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. പാർട്ടി നേതാക്കളുമായി ശ്രീ മോദി സംവദിക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് രണ്ട് റാലികളിലും പ്രിയങ്കാ ഗാന്ധി മൂന്ന് റാലികളിലും പങ്കെടുക്കും. എൻസിപി നേതാവ് അജിത് പവാറും തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ സജീവമാണ്.

&&&&&&&&&&&&&&&&

## HEADLINE – 4
## JHARKHAND –CAMPAIGN

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം പുരോഗമിക്കുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് മൂന്ന് നിയമസഭാ മണ്ഡലങ്ങളിൽ പൊതു റാലികളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖർഗെ രണ്ടിടങ്ങളിൽ പൊതു പരിപാടികളിൽ സംബന്ധിക്കും. ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറേൻ ആറിടങ്ങളിൽ റാലികളിൽ പങ്കെടുക്കും. ആർജെഡി നേതാവ് തേജസ്വി യാദവും ചലചിത്ര താരം മിഥുൻ ചക്രബർത്തിയും പ്രചാരണ രംഗത്ത് സജീവമാണ്.

&&&&&&&&&&&&&&&&

## HEADLINE – 4(A)

## PALAKKAD - INTRO

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ. വോട്ട് ഉറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

(വോയിസ്)

&&&&&&&&&&&&&&&&&

## GEORGE KURIAN

ചട്ടങ്ങൾ പാലിച്ച് മാത്രമേ വയനാട് ഉരുൾപ്പൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കഴിയൂവെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ലെവൽ ത്രീ ദുരന്തമായി പ്രഖ്യാപിക്കാനും ചട്ടങ്ങൾ പാലിക്കേണ്ടതുണ്ട്. കേന്ദ്രം നൽകിയ 782 കോടി രൂപ നിലവിൽ കേരളത്തിൻറെ കൈവശമുണ്ട്. അർഹമായ സമയത്ത് കേന്ദ്രത്തിൻറെ പുനരധിവാസ പാക്കേജ് ഉണ്ടാകുമെന്നും സ്ഥലം കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാരാണെന്നും ജോർജ്ജ് കുര്യൻ കുമളിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## GOVERNOR

വയനാടിന്റെ പുരുദ്ധാരണത്തിന് നിലവിലുള്ള SDRF ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചശേഷം, കൂടുതൽ തുക കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ് വേണ്ടതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. വയനാടിന് വേണ്ടതെല്ലാം നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പു

നൽകിട്ടുണ്ടെന്നും എറണാകുളത്ത് മാധ്യമപ്രവർത്തകരോട് ഗവർണർ പ്രതികരിച്ചു.

&&&&&&&&&&&&&&&&

## VN VASAVAN - SABARIMALA

ഈ വർഷത്തെ ശബരിമല മണ്ഡല തീർത്ഥാടനം കുറ്റമറ്റതാക്കാനുള്ള എല്ലാ നടപടികളും സർക്കാർ കൈ കൊണ്ടിട്ടുണ്ടെന്ന് മന്ത്രി വി. എൻ വാസവൻ. ശബരിമല സന്ദർശിച്ച്, ഭക്തജനങ്ങൾക്കായി ഒരുക്കിയ സൗകര്യങ്ങളും ക്രമീകരണങ്ങളും വിലയിരുത്തിയെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## TENNIS

എടിപി ടെന്നീസ് പുരുഷ ഡബിൾസ് ഫൈനലിൽ ഗ്രൂപ്പ് മത്സരത്തിൽ രോഹൻ ബൊപ്പണ്ണ- മാത്യൂ എബ്ഡൻ സഖ്യത്തിന് ജയം. ഇന്നലെ നടന്ന മത്സരത്തിൽ ജർമ്മൻ സഖ്യത്തെ 7-5, 6-7, 10-7നാണ് ഇന്ത്യ- ഓസ്ട്രേലിയ സഖ്യം പരാജയപ്പെടുത്തിയത്. പുരുഷ ഡബിൾസ് ഗ്രൂപ്പ് സ്റ്റേജിൽ ആറാം സീഡായ ഇന്ത്യ- ഓസ്ട്രേലിയ സഖ്യത്തിൻറെ ആദ്യ വിജയമാണ് ഇത്. അതേസമയം ആദ്യ നാലിലെത്താൻ സഖ്യത്തിന് സാധിച്ചിട്ടില്ല. ആദ്യ രണ്ട് ടീമുകൾ മാത്രമാണ് സെമിയിലേക്ക് പ്രവേശിക്കുക.

&&&&&&&&&&&&&&&&

## T20 CRICKET

ദക്ഷിണാഫ്രിക്കക്ക് എതിരായ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 135 റൺസ് വിജയം. ഇതോടെ പരമ്പര ഇന്ത്യ 3-1ന് സ്വന്തമാക്കി. ആദ്യം

ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 283 റൺസെടുത്തു. ഇന്ത്യക്കു വേണ്ടി സഞ്ജു സാംസണും തിലക് വർമയും സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിൽ ദക്ഷിണാഫ്രിക്ക 18.2 ഓവറിൽ 148 റൺസിന് പുറത്തായി.

&&&&&&&&&&&&&&&&

## SQUASH

ക്വാലലംപൂരിൽ നടക്കുന്ന മലേഷ്യകപ്പ് സ്ക്വാഷ് മത്സരത്തിൽ ഇന്ത്യയുടെ അഭയ് സിങ് സെമിയിലേക്ക് പ്രവേശിച്ചു. ക്വാർട്ടറിൽ ഇന്ത്യയുടെ തന്നെ വേലവൻ സെന്തിൽകുമാറിനെ 3-1ന് പരാജയപ്പെടുത്തിയാണ് സെമി പ്രവേശം.

&&&&&&&&&&&&&&&&

## SANDEEP VARIER

ബിജെപി സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നതായി കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരൻ പാലക്കാട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സന്ദീപ് വാര്യരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസ് നേതൃത്വവുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് സന്ദീപ് പാർട്ടിയിൽ ചേർന്നത്.

&&&&&&&&&&&&&&&&

## MINISTRY OF FAMILY AND HEALTH WELFARE

ജലസംരക്ഷണപ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കണമെന്ന് ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം ജോയിൻറ് സെക്രട്ടറിയും ജൽ ശക്തി അഭിയാൻ കേന്ദ്ര നോഡൽ ഓഫീസറുമായ സൗരഭ് ജെയ്ൻ. ജൽശക്തി

അഭിയാൻ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിലയിരുത്തിയ ശേഷം നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മഴവെള്ള സംഭരണത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം വളർത്തണമെന്നും ശ്രീ സൗരഭ് ജയിൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## UP BIJNOR ACCIDENT

ഉത്തർപ്രദേശിലെ ബിജ്നൂരിലുണ്ടായ റോഡ് അപകടത്തിൽ ഒരു കുടുംബത്തിലെ ആറു പേരുൾപ്പെടെ ഏഴു പേർ മരിച്ചു. ദരാദൂൻ ദേശീയ പാതയിൽ ഇന്ന് രാവിലെയോടെയായിരുന്നു അപകടം. അതിവേഗത്തിൽ വന്ന കാർ കുടുംബം സഞ്ചരിച്ച മുചക്ര വാഹനത്തിലിടിച്ചാണ് അപകടമുണ്ടായത്. അപകടത്തിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അനുശോചനം രേഖപ്പെടുത്തി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സാധ്യമായതെല്ലാം ചെയ്യുമെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&